കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് 2004-05 -ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്ത് നടത്തിയത് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.-

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.1978/12/തസ്വഭവ. തിരുവനന്തപുരം, തീയതി:19.07.2012

---

1. ഗ്രാമവികസന കമ്മീഷണറുടെ 22.3.12-ലെ 5512/ഡി.പി3/12/ഗ്രാ.വി.ക നമ്പർ കത്ത്.
2. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 13.6.12-ലെ എൽ.എഫ്.പി.റ്റി3/7684/2012-ാം നമ്പർ കത്ത്.

**ഉത്തരവ്**

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 2004-05 സാമ്പത്തിക വർഷത്തിൽ ശ്രീകണ്ഠാപുരം, മലപ്പട്ടം എന്നിവിടങ്ങളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പെൺകുട്ടികൾക്ക് മൂത്രപ്പുര നിർമ്മിക്കുന്നതിനായി 1,68,197 ( ഒരു ലക്ഷത്തി അറുപത്തെണ്ണായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റേഴ് രൂപ മാത്രം )രൂപ ചെലവഴിക്കുകയുണ്ടായി. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട പ്രവൃത്തിയല്ല എന്ന കാരണത്താൽ പ്രസ്തുത തുക ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.
ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പരാമർശം ഒന്നിലെ കത്ത് മുഖേന സാധൂകരണത്തിനുള്ള അപേക്ഷ സർക്കാരിൽ സമർപ്പിച്ചു. ഇതിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം തേടിയപ്പോൾ ധനദുർവിനിയോഗമോ, മറ്റ് ക്രമക്കേടുകളോ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കാത്തതിനാലും ഗ്രാമവികസന കമ്മീഷണർ സാധൂകരണം നൽകാൻ ശുപാർശ ചെയ്തതിനാലും ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 2004-05 സാമ്പത്തിക വർഷത്തിൽ ശ്രീകണ്ഠാപുരം, മലപ്പട്ടം എന്നിവിടങ്ങളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പെൺകുട്ടികൾക്ക് മൂത്രപ്പുര നിർമ്മിക്കുന്നതിനായി 1,68,197 ( ഒരു ലക്ഷത്തി അറുപത്തെണ്ണായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റേഴ് രൂപ മാത്രം )രൂപ ചെലവഴിച്ചതിന് സാധൂകരണം നല്കാവുന്നതാണെന്ന് പരാമർശം രണ്ട് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2004-05 സാമ്പത്തിക വർഷത്തിൽ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ ശ്രീകണ്ഠാപുരം, മലപ്പട്ടം എന്നിവിടങ്ങളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പെൺകുട്ടികൾക്ക് മൂത്രപ്പുര നിർമ്മിക്കുന്നതിനായി 1,68,197 ( ഒരു ലക്ഷത്തി അറുപത്തെണ്ണായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റേഴ് രൂപ മാത്രം )രൂപ ചെലവഴിച്ച ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ ജില്ല.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.